## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4103 — 26.06.2013-ൽ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികൾ

**ചോദ്യം**

ശ്രീ.എം.ഹംസ

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

എ) പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികളുടെ നവീകരണത്തിനായി എന്തു തുക അനുവദിച്ചു ;

എ) പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പദ്ധതിയ്ക്ക് 29.58 കോടി രൂപയും ചിറ്റൂർ പുഴ പദ്ധതിയ്ക്ക് 34.57 കോടി രൂപയും മലമ്പുഴ പദ്ധതിയ്ക്ക് 11.08 കോടി രൂപയും നവീകരണ പ്രവൃത്തികൾക്കായി എ.ഐ.ബി.പിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി മംഗലം പദ്ധതിയ്ക്ക് 489 ലക്ഷം രൂപയും പോത്തുണ്ടി പദ്ധതിയ്ക്ക് 388 ലക്ഷം രൂപയും ചുള്ളിയാർ പദ്ധതിയ്ക്ക് 392 ലക്ഷം രൂപയും മീങ്കര പദ്ധതിക്ക് 920 ലക്ഷം രൂപയും വാളയാർ പദ്ധതിയ്ക്ക് 525 ലക്ഷം രൂപയും 2011-12, 2012-13 വർഷങ്ങളിലേക്കായി അനുവദിച്ചിരുന്നു.

ഡാമിന്റെ നവീകരണ പ്രവൃത്തികൾക്കായി DRIPൽ ഉൾപ്പെടുത്തി മലമ്പുഴ പദ്ധതിയ്ക്ക് 8.15 കോടി രൂപയുടെയും വാളയാർ പദ്ധതിയ്ക്ക് 5.05 കോടി രൂപയുടെയും അംഗീകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ ആണ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; ഓരോ വർക്കിനും അനുവദിച്ച തുക വ്യക്തമാക്കുമോ; | ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ അണക്കെട്ടിന്റെ പുനരുദ്ധാരണത്തിനായി 8.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.<br>1) Appendix A - ഡാം അനുബന്ധ റോഡുകളുടെ ഗാർഡന് അകത്തും പുറത്തുമുള്ള റോഡുകൾ ഉൾപ്പെടെയുള്ളവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ, ചുറ്റുമതിൽ നിർമ്മാണം, കെട്ടിട നിർമ്മാണം മുതലായവ - 5,84,00,000/-രൂപ<br>2) Appendix B- ഡാമിന്റെ താഴ്ഭാഗത്തെയും ചാലുകളുടെയും പുനരുദ്ധാരണം, ഗണൈറ്റിംഗ് പ്രവൃത്തികൾ, മണ്ണണയുടെ താഴ്ഭാഗത്തെ കേടുവന്ന ഭാഗത്തെ പുനരുദ്ധാരണം: റിപ്പ്റാപ്പ് ഭാഗത്തെ പുനരുദ്ധാരണം - 1,08,00,000/- രൂപ<br>ആകെ- 6,92,00,000/-രൂപ<br>**മെക്കാനിക്കൽ പ്രവൃത്തികൾ**<br>ഡാം ഷട്ടറിന്റെ അറ്റകുറ്റ പ്രവൃത്തികൾ, എൽ.ബി.സി എമർജൻസി ഷട്ടർ, ചെക്ക് ഡാം ഷട്ടർ എന്നിവയുടെ നിർമ്മാണവും പെയിന്റിംഗും<br>ആകെ - 63,00,000/-രൂപ |

| | |
|---|---|
| | **<u>ഇലക്ട്രിക്കൽ പ്രവൃത്തികൾ</u>**<br>ഡാമിന്റെ മുകൾ ഭാഗം ഹെഡ് റെഗുലേറ്റർ, ഇൻസ്പെക്ഷൻ ഗാലറി തുടങ്ങിയവയുടെ ലൈറ്റ് നവീകരണ പ്രവൃത്തികൾ, പഴയ മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, കൺട്രോൾ റൂമിന്റെ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ<br>ആകെ- 60,00,000/-രൂപ<br>മൊത്തം- 8,15,00,000/-രൂപ |
| സി) ചിറ്റൂർ പുഴ പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചു; എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് ; | സി) ചിറ്റൂർപ്പുഴ പദ്ധതിയ്ക്ക് 2013-14 വർഷത്തേക്ക് 4 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്താനാണ് ഈ തുക വിനിയോഗിക്കുന്നത്. |
| ഡി) കാഞ്ഞിരപ്പുഴ പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചു; നിർദ്ദേശിക്കപ്പെട്ട പ്രവൃത്തിയുടെ വിശദാംശം നൽകാമോ; | ഡി) കാഞ്ഞിരപ്പുഴ പദ്ധതിയ്ക്ക് 2013-14 വർഷത്തേയ്ക്ക് 2 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്താനാണ് ഈ തുക വിനിയോഗിക്കുന്നത്. |
| ഇ) മംഗലം ഡാം ജലസേചന പദ്ധതിയ്ക്കായി എത്ര കോടി രൂപ അനുവദിച്ചു; വിശദമാക്കാമോ? | ഇ) മംഗലം പദ്ധതിയ്ക്ക് 2013-14 വർഷത്തേയ്ക്ക് 1 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്താനാണ് ഈ തുക വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ